ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

No.44585/C2/2014/ ആ.കു.വ　　　　തിരുവനന്തപുരം.തീയ്യതി.30-09-2014

പ്രേക്ഷിതൻ

ഡെപ്യൂട്ടി സെക്രട്ടറി,

സ്വീകർത്താവ്

ആരോഗ്യവകുപ്പ് ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന. 1)താങ്കളുടെ 18-09-2014 ഔഎം62912/2012 ആ.വ.ഡ നമ്പർ കത്ത്.

2)ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 07-01-1991 ലെ 1/91 ഉ.ഭ.പ.വ,2-12-1991 ലെ 36/91 ഉ.ഭ.പ.വ, 7-11-1996 37/96 ഉ.ഭ.പ.വ എന്നീ നമ്പർ സർക്കാർ ഉത്തരവ്.

3)2-03-2013 ലെ 713/2013 /ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

4)13-08-2014 ലെ 2781/2014/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

5)19-08-2014 ലെ 16217/സി1/2014/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

.........................

സൂചനകളിലേക്ക് താങ്കളുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സർവ്വീസിൽ സാധാരണയായി 2 തരത്തിലാണ് പി.എസ്.സി നിയമനം നടത്തുന്നത്. സംസ്ഥാന തലത്തിൽ അപേക്ഷ ക്ഷണിച്ച് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംസ്ഥാന വ്യാപകമായി നിയമനം നടത്തുന്നു. ജില്ലാ തലത്തിൽ (DRB)അപേക്ഷ ക്ഷണിച്ച് ജില്ലാ തലത്തിൽ സെലക്ഷൻ നടത്തി അതതു ജില്ലയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് ജില്ലാതല നിയമനം നടത്തുന്നു. ആദ്യത്തേതിന്റെ സ്ഥലമാറ്റം 1958 ലെ കെ.എസ്.എസ്.എസ്.ആർ പാർട്ട് II റൂൾ 32 ഉം 10-09-2014 ലെ 12/2014 ഉ.ഭ.വ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്. എന്നാൽ 1971 ൽ നിലവിൽ വന്ന ജില്ലാതല നിയമനത്തിന് പ്രത്യേക ചട്ടം രൂപീകരിച്ചതിനാൽ പ്രസ്തുത നിയമനങ്ങൾ കെ.എസ്.എസ്.എസ്.ആർ റൂൾ 32 ന്റെ പരിധിയിൽ നിന്നും ഒഴിവായി. ഡി.ആർ.ബി റൂളിന്റെ പരിധിയിൽ ഉൾപ്പെട്ടു കഴിഞ്ഞു. അതനുസരിച്ച് സൂചന 2 ൽ പറയുന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്. അതനുസരിച്ച് 07-01-1991 ലെ ജി.ഒ.പി നമ്പർ 1/91 ഉ.ഭ.പ.വ,(22-01-1991 ലെ കേരള ഗസറ്റ് നമ്പർ 4) നമ്പർ ഉത്തരവ് അനുസരിച്ച് ഒരു തസ്തികയിൽ ഒന്നിലധികം ഗ്രേഡുകളുള്ള

പക്ഷം വ്യത്യസ്ത ഗ്രേഡുകളിൽ ജോലിയുടെ സ്വഭാവവും ഒന്നാണെങ്കിൽ (ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലെങ്കിൽ) അത്തരക്കാർക്ക് റേഷ്യോ പ്രമോഷൻ നൽകുമ്പോൾ അവർക്ക് ജില്ലാതല റേഷ്യോ പരിഗണിക്കാതെ അതേ ജില്ലയിൽ തന്നെ നിയമനം നൽകേണ്ടതാണ്. ഇത്തരം തസ്തികകളുടെ അനുപാതം ജില്ലാതലത്തിലല്ല. മറിച്ച് സംസ്ഥാന തലത്തിൽ വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി സംസ്ഥാന തലത്തിൽ മൊത്തം അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കർശനമായും അനുപാതം പാലിക്കേണ്ടതാണ്. പി.എസ്.സി ലിസ്റ്റിനെ ദോഷകരമായി ബാധിക്കാതിരിക്കാനാണ് അന്തർ ജില്ലാ സ്ഥലമാറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് പ്രൊമോഷൻ നൽകിയാലും സംസ്ഥാന തല സീനിയോറിറ്റി നില നിൽക്കുന്ന കേസിലും ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലെങ്കിൽ പ്രമോഷനോടനുബന്ധിച്ച് ജില്ലവിട്ട് സ്ഥലമാറ്റം നൽകേണ്ട ആവശ്യം ഉദിക്കുന്നില്ല. അപ്രകാരം ചെയ്യുന്നത് പി.എസ്.സി ലിസ്റ്റിനെ ബാധിക്കുകയും ചെയ്യും. (19-06-2014 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 11744/എ 3/2014/ഉ.ഭ.പ.വ നമ്പർ ഉപദേശം. പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

07-01-1991 ലെ പ്രസ്തുത ഉത്തരവ് പ്രകാരമാണ് സൂചന 3 ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടിയിരുന്നത്. എന്നാൽ സൂചന 3 ലെ ഉത്തരവിന്റെ 3 ാം ഖണ്ഡിക 2 ാം ഖണ്ഡികയ്ക്ക് വിരുദ്ധവും 07-01-1991 ലെ ജി.ഒ.പി നമ്പർ 1/91 ഉ.ഭ.പ.വ 16-03-89 ലെ ജി.ഒ.പി നമ്പർ 5/89 ഉ.ഭ.പ.വ ; 07-11-1996 ലെ ജി.ഒ.പി നമ്പർ 37/96 ഉ.ഭ.പ.വ എന്നിവക്ക് അനുസൃതമായിട്ടില്ലാത്തതിനാൽ 02-03-2013 ലെ ഉത്തരവ് 07-01-91 ലെ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പരിഷ്കരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 13-08-2014 ലെ സ.ഉ(സാ.ധാ) നമ്പർ 2781/2014 ആകുവ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവ് 02-03-2013 ലെ ഉത്തരവിന്റെ എറാറ്റം ആയതിനാൽ 02-03-2013 ലെ ഉത്തരവിൽ പറയുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കാര്യത്തിൽ മാത്രമേ ബാധകമാവുകയുള്ളൂ. എന്നാൽ പ്രസ്തുത ഉത്തരവ് സൂചന 2 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ളതാകയാൽ സൂചന 2 ലെ എല്ലാ അടിസ്ഥാന ഉത്തരവുകളും താങ്കൾ സൂചന 1 ലെ കത്തിൽ പ്രതിപാധിക്കുന്ന എല്ലാ തസ്തികകൾക്കും ബാധകമായിരിരിക്കും. മാത്രമല്ല സൂചന 2 ലെ ഉത്തരവുകൾക്ക് വിരുദ്ധമായി ഏതെങ്കിലും ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നിയമപരമായി നിലനിൽക്കുന്നതല്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

താങ്കളുടെ കത്തിൽ സൂചന 2 ലെ നിർദ്ദേശം താങ്കളുടെ തന്നെ 04-03-2013 ലെ എഫ്.ഡബ്ല്യൂ 93422/13 ആ.വ.ഡ നമ്പർ കത്തിന് മറുപടിയാണ്. പ്രസ്തുത മറുപടി ഇക്കാര്യത്തിൽ മാത്രമുള്ളതാണ്. എന്നാൽ പ്രസ്തുത കത്തിലെ നിർദ്ദേശം സൂചന 2 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഉത്തരവുകൾക്ക് (DRB) വിധേയമായിട്ടുള്ളതിനാൽ എല്ലാ കാറ്റഗറിക്കാർക്കും സൂചന 2 ലെ ഉത്തരവ് ബാധകമായിരിക്കും എന്ന കാര്യവും സംശയരഹിതമാണ്

സൂചന 1 ലെ താങ്കളുടെ കത്തിലെ ഒന്നാം ഖണ്ഡികയിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു. ഒരു ജില്ലയിൽ ഒഴിവുവരുന്ന തസ്തികകൾ അതാതു ജില്ലാതല ലിസ്റ്റിൽ നിന്നു തന്നെ നികത്തണമെന്നും പ്രസ്തുത ഒഴിവുകൾ മറ്റു ജില്ലകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടമാക്കരുതെന്നുമാണ് സർക്കാർ നയം. അപ്രകാരം ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിച്ച് തസ്തികകൾ ജില്ലകളിൽ നിന്നും ജില്ലകളിലേക്ക് മാറ്റി നൽകിയാൽ ക്രമക്കേടുകൾക്ക് വഴിവെക്കുന്നതാണെന്നും ആയത് തടയുക എന്നതുമാണ് സൂചന 2 ലെ ഉത്തരവുകളുടെ കാതൽ. ഇതു പ്രകാരം ഒരു തസ്തികയിൽ ഒഴിവു വരുന്നത് പ്രസ്തുത തസ്തികയിലെ ഒരു ഉദ്യോഗസ്ഥൻ അടുത്ത തസ്തികയിലേക്ക് (കേഡർ) ഉദ്യോഗ കയറ്റം നേടുമ്പോഴോ , പെൻഷൻ ആകുമ്പോഴോ, ദീർഘ കാല അവധിയിൽ പ്രവേശിക്കുമ്പോഴോ , അന്യത്ര സേവനത്തിന് നിയോഗിക്കപ്പെടുമ്പോഴോ ആയിരിക്കും. അതു പ്രകാരം ഒരു സ്റ്റാഫ് നേഴ്സ്, ഹെഡ് നേഴ്സ് തസ്തികയിലേക്ക് പ്രമോഷൻ ആകുമ്പോൾ അവിടെ ഒഴിവു വരും. ഏതു ജില്ലയിലെ സ്റ്റാഫ് നേഴ്സാണോ ഹെഡ് നേഴ്സ് ആകുന്നത് ആ ജില്ലയിലാണ് ഒഴിവുണ്ടാകുന്നത്. ഈ ഒഴിവ് മറ്റൊരു ജില്ലയിലേക്ക് മാറ്റപ്പെടാവുന്നതല്ല. റേഷ്യോ പ്രമോഷൻ അനുസരിച്ച് ഒരു രണ്ടാം ഗ്രേഡ് സ്റ്റാഫ് നേഴ്സ് ഒന്നാം ഗ്രേഡ് ആകുമ്പോൾ ഒഴിവ് വരില്ല. ജെ.എച്ച്.ഐ ഗ്രേഡ് II , ഗ്രേഡ് I എന്നിവർക്ക് 1:1 അനുപാതം നിശ്ചയിച്ച് പ്രമോഷൻ നല്കിയപ്പോൾ 500 ൽ അധികം ഗ്രേഡ് II , ഗ്രേഡ് I ആയി പ്രമോഷൻ നേടി എന്നാൽ ജെ.എച്ച്.ഐ ഗ്രേഡ് II ൽ ഒരു ഒഴിവു പോലും ഉണ്ടായില്ല. അതുപോലെ തന്നെ ഒരു കാറ്റഗറിയിലും ഗ്രേഡ് I ആയി തസ്തിക സൃഷ്ടിക്കാറില്ല. തസ്തിക സൃഷ്ടിക്കുന്നത് ഗ്രേഡ് II ആയിട്ടാണ് . ഗ്രേഡ് II തസ്തികയിൽ എണ്ണം കൂടുന്നതനുസരിച്ച് അനുപാത ക്രമത്തിലാണ് ഗ്രേഡ് I ന്റെ സംഖ്യ നിശ്ചയിക്കുന്നത്. ഓരോ ഗ്രേഡിന്റേയും എണ്ണം നിശ്ചയിക്കുന്നത് പ്രസ്തുത തസ്തികയുടെ ആകെ എണ്ണം (കേഡർ സ്ട്രങ്ത്ത്) അനുസരിച്ചാണ്. ഗ്രേഡ് II ൽ അധിക തസ്തിക സൃഷ്ടിക്കപ്പെട്ടാൽ കേഡർ സംഖ്യ കൂടും. അതിന് ആനുപാതികമായി ഗ്രേഡ് I ന്റെ എണ്ണവും കൂടും. ഗ്രേഡ് I ഉം ,ഗ്രേഡ് II ഉം ചേർന്നതാണ് ഒരു കേഡർ. (സ്റ്റാഫ് നേഴ്സ് കേഡർ, ജെ.പി.എച്ച്.എൻ കേഡർ, ജെ.എച്ച്.ഐ കേഡർ, ലബോറട്ടറി ടെക്നീഷ്യൻ കേഡർ എന്നിങ്ങനെ) . ഇതിൽ ഒരു തസ്തികയിലും ഗ്രേഡ് I നും ഗ്രേഡ് II നും സ്ഥിര കേഡർ സംഖ്യ ഇല്ല. പകരം മൊത്തം കേഡർ സംഖ്യയുടെ പകുതി ഗ്രേഡ് I പകുതി ഗ്രേഡ് II ആയി കാലാകാലങ്ങളിൽ നിജപ്പെടുത്തുന്നു. (17-12-2013 ന് പുറത്തിറങ്ങിയ ഹെൽത്ത് അറ്റ് എ ഗ്ലാൻസ് പേജ് 45 ൽ ടേബിൾ 3.5 കാണുക. ). ഇതിൽ നിന്ന് തന്നെ പ്രസ്തുത തസ്തികകളുടെ ഗ്രേഡ് I ഉം ,ഗ്രേഡ് II ഉം ഒരേ കേഡർ ആണെന്നും കേഡർ സംഖ്യ ഒരുമിച്ചാണെന്നും വ്യക്തമാകുകയാണ്.

ഗ്രേഡ് I നും ഗ്രേഡ് II നും ഇപ്പോൾ ഒരിടത്തും തസ്തിക നിർണ്ണയിച്ചിട്ടില്ല. ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലാത്ത റേഷ്യോ പ്രമോഷൻ ആയതിനാൽ രണ്ട് തസ്തികകൾ തമ്മിൽ വേർതിരിവില്ല. അതുകൊണ്ട് 2013 ൽ 104 ജെ.എച്ച്.ഐ ഗ്രേഡ് II ന്റെ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയുടെ കേഡർ സംഖ്യ കൂട്ടിയപ്പോൾ ആനുപാതികമായി ഗ്രേഡ് I ന്റെ എണ്ണവും കൂടിയത്. അതു പ്രകാരം ഒരു തസ്തികയിൽ ഒഴിവു വന്നാൽ അത് ഗ്രേഡ് I ആണോ ഗ്രേഡ് II ആണോ എന്ന്

പരിഗണിക്കാതെ തന്നെ പ്രസ്തുത ഒഴിവ് അതാത് ജില്ലാ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. അതനുസരിച്ച് പി.എസ്.സി നിയമന ശുപാർശ നൽകുന്ന രണ്ടാം ഗ്രേഡ് ജീവനക്കാർ ജോലിക്ക് എത്തുമ്പോൾ ഗ്രേഡ് I ഉം ,ഗ്രേഡ് II ഉം തമ്മിൽ അന്തരം ഉണ്ടാവുകയാണെങ്കിൽ ഗ്രേഡ് II ൽ നിന്നും ആവശ്യമായ ജീവനക്കാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോട്ട് ചെയ്ത് അതാത് ജില്ലയിൽ തന്നെ നിറുത്തി ആനുപാതം പാലിക്കാവുന്നതാണ്.

മേൽ നടപടിക്കനുസൃതമായി ഗ്രേഡ് I ആയി പ്രമോട്ട് ചെയ്യപ്പെടുന്നവരേയോ പ്രമോഷനായവരേയോ അന്തർ ജില്ലാ സ്ഥലമാറ്റം നൽകുന്നത് സൂചന രണ്ടിലെ ഉത്തരവുകൾക്ക് വിരുദ്ധവും ക്രമക്കേടുകൾക്ക് വഴിവെക്കുന്നതും പി.എസ്.സി നിയമനം കാത്തു കഴിയുന്ന ഉദ്യോഗാർത്ഥികളുടെ അവകാശ നിഷേധവും ആയിരിക്കും. ഇക്കാര്യത്തിൽ ചില ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കാം.

i)തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യന്റെ 15 ഒഴിവുകൾ ഉണ്ടെന്നിരിക്കട്ടെ. അത്രയും ഒഴിവുകൾ പി.എസ്.സി വഴി നികത്തിയതിനു ശേഷം ; പ്രസ്തുത ലിസ്റ്റിൽ നിന്നും 15-20 പേരെകൂടി നിയമിച്ചാൽ നിയമനം ലഭിക്കാൻ ഇടയുള്ള വ്യക്തികൾ സ്വാധീനിച്ചതിന്റെ അടിസ്ഥാനത്തിലോ മറ്റോ; തിരുവനന്തപുരം ജില്ലയിലെ 15-20 ഗ്രേഡ് I ലാബ് ടെക്നീഷ്യൻമാരെ (തിരുവനന്തപുരം ഡിആർബിക്കാരെ )പാലക്കാട്, വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലേക്ക് സ്ഥലംമാറ്റി തിരുവനന്തപുരം ജില്ലയിൽ കൃത്രിമമായി 15-20 ഒഴിവുകൾ ഉണ്ടാക്കി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്താൽ ആയത് പാലക്കാട്, വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ ഉദ്യോഗാർത്ഥികളുടെ അവകാശ നിഷേധമായിരിക്കും. അത് ഡിആർബി നിയമനത്തിന്റെ ലംഘനവും ക്രമവിരുദ്ധവും ആകുന്നതാണ്.

ii)കണ്ണൂർ ജില്ലയിൽ 80-90 സ്റ്റാഫ് നേഴ്സിന്റെ ഒഴിവുകൾ ഉണ്ടെന്നിരിക്കട്ടെ. ആയത് കണ്ണൂർ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുക എന്നതാണ് നിയമം. അതിനു പകരം തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ നിന്നും പ്രസ്തുത ജില്ല ഡിആർബിക്കാരായ ഗ്രേഡ് I സ്റ്റാഫ് നേഴ്സ്മാരെ കണ്ണൂരിലേക്ക് സ്ഥലമാറ്റി ഒഴിവുകൾ തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലേക്ക് മാറ്റുകയും ആ ഒഴിവുകളിലേക്ക് മലപ്പുറം, പാലക്കാട്, കാസർകോഡ് ജില്ലകളിൽ നിന്നും സ്ഥലമാറ്റം നടത്തി പ്രസ്തുത ഒഴിവുകൾ ആ ജില്ലകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഇങ്ങനെ നിരന്തരമുള്ള സ്ഥലമാറ്റങ്ങളിലൂടെ കണ്ണൂർ ജില്ലക്കാർക്ക് അവകാശപ്പെട്ട ഒഴിവുകൾ; ബന്ധപ്പെട്ടവർ തങ്ങൾക്ക് ഇഷ്ടപ്പെട്ട ആൾക്കാർക്ക് നിയമനം ലഭിക്കുന്നതിന് അവർ ഉൾപ്പെടുന്ന ജില്ലയിലേക്ക് മാറ്റിക്കൊണ്ട് പോകുന്നത് തടയുക എന്നതാണ് സൂചന 2 ലെ ഉത്തരവുകളുടെ ഉദ്ദേശം.

iii) ഒരു ജില്ലയിൽ നിയമനം ശുപാർശ ചെയ്ത ഗ്രേഡ് II ജീവനക്കാർക്ക് നിയമനം നിഷേധിക്കുന്നതിനുവേണ്ടി ആ ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകൾ ബൈ ട്രാൻസ്ഫർ പ്രമോഷനിലൂടെയോ അല്ലെങ്കിൽ ഗ്രേഡ് I നെ ട്രാൻസ്ഫർ ചെയ്തോ നികത്തുകയും ഒഴിവില്ലാ എന്നുപറഞ്ഞ് പി.എസ്.സി ശുപാർശ ചെയ്തവർക്ക് നിയമനം നൽകാതിരിക്കുകയും ചെയ്യുന്നത് ഡിആർബി നിയമനത്തിന് വിരുദ്ധമാണ്. എന്നാൽ ഇതേ തസ്തികയിൽ മറ്റൊരു ജില്ലയിൽ നിയമന ശുപാർശ നേടിയവരെ ; പ്രസ്തുത ജില്ലയിലെ ഡിആർബിക്കാരെ ആരേയും സ്ഥലമാറ്റാതെ നിയമനം നൽകുന്നത് തികച്ചും ന്യായ യുക്തവും ഡിആർബി നിയമനത്തിന്റെ അന്തസത്ത ഉൾക്കൊള്ളുന്നതുമാണ്.

അതാതു ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാതല ലിസ്റ്റിൽ നിന്നും നികത്തപ്പെടേണ്ടതാണെങ്കിൽ ആയത് ഗ്രേഡ് I ആണോ ,ഗ്രേഡ് II ആണോ എന്ന് പരിഗണിക്കാതെ ജില്ലാ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാവുന്നതും അപ്രകാരം പി.എസ്.സി ശുപാർശ ചെയ്യുന്നവരെ അതാതു ജില്ലകളിൽ നിയമിക്കുകയും ചെയ്യുന്നത് നിയമനാസൃതമാണ്. അപ്രകാരം നിയമിക്കപ്പെടുമ്പോൾ ഗ്രേഡ് II, ഗ്രേഡ് I നേക്കാൾ കൂടുതലായി വന്നാൽ നിലവിലെ നിയമ പ്രകാരം സീനിയറായ ഗ്രേഡ് II വിഭാഗം ജീവനക്കാരെ പ്രമോട്ട് ചെയ്ത് അതാത് ജില്ലയിൽ നില നിറുത്തി സംസ്ഥാന തലത്തിൽ അനുപാതം പാലിക്കാവുന്നതാണ്. ഇതിനു വിരുദ്ധമായി ഡിആർബിക്കാരെ സൂപ്പർ വൈസറി പോസ്റ്റിൽ എത്തുന്നതിനു മുമ്പ് അന്തർ ജില്ലാ സ്ഥലമാറ്റം നല്കി ഒഴിവുകൾ ജില്ലകളിൽ നിന്നു ജില്ലകളിലേക്ക് മാറ്റി പി.എസ്.സി നിയമനം കാത്തു കഴിയുന്നവരുടെ അവകാശം നിഷേധിക്കുന്നത് സർക്കാർ നയത്തിനും നിലവിലുള്ള നിയമത്തിനും വിരുദ്ധമാണ്.

വിശ്വസ്തതയോടെ
ഡി.എസ്.ശ്രീകണ്ഠൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ